(ഡി) വ്യാജ റിക്രൂട്ടിങ് ഏജൻസികൾ ഈ വിവരങ്ങൾ മനസ്സിലാക്കി തൊഴിൽ രഹിതരെ കബളിപ്പിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ വെബ്സൈറ്റിലെ വിവരങ്ങൾ ദുരുപയോഗം ചെയ്യാതിരിക്കാൻ ആവശ്യമായ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ ആന്റ് ബി) കേരള നിയമസഭയിൽ 15-1-2004-ന് ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗരേഖയുടെ 54-ാം ഖണ്ഡികയുടെ അടിസ്ഥാനത്തിലാണ് എംപ്ലോയ്മെന്റ് വകുപ്പിന്റെ വെബ്സൈറ്റ് നിലവിൽ വന്നത്.

(സി ആന്റ് ഡി) ഇല്ല.

(ഇ) എംപ്ലോയ്മെന്റ് വകുപ്പിന്റെ വെബ്സൈറ്റ് ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ദുരുപയോഗം ഒഴിവാക്കാൻ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർ

81 [2208] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പുതുതായി എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) എസ്.എസ്.എൽ.സി. പാസ്സായവർ എത്ര; എസ്.എസ്.എൽ.സി.-ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ എത്ര;

(സി) ഈ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്; കാറ്റഗറി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി 1,221,552 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) എസ്.എസ്.എൽ.സി.-യും അതിന് മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ എണ്ണം 1044006 പേർ. എസ്.എസ്.എൽ.സി.-ക്ക് താഴെ യോഗ്യതയുള്ളവർ 177546 പേർ.

(സി) വിവരം ശേഖരിച്ച് വരുന്നതാണ്.

കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ജീവനക്കാരുടെ അപര്യാപ്തത

82 [2209] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ കുറവുമൂലം കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly